(സി) 2011 മാർച്ച് 31-നകം പദ്ധതി വിഹിതം ഏറെക്കുറെ പൂർണ്ണമായി ചെലവഴിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. ചെലവഴിക്കുന്ന കാലാവധി നീട്ടുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. പദ്ധതി വിഹിതം നിശ്ചിത കാലാവധിയ്ക്കകം ചെലവഴിക്കുന്നതിനുള്ള കർശന നിർദ്ദേശം ബന്ധപ്പെട്ട വർക്ക് നൽകിയിട്ടുള്ളതും ആയതിന്റെ പുരോഗതി സമയബന്ധിതമായി വിലയിരുത്തി വരുന്നുമുണ്ട്.

ഗ്രാമസഭകളോട് ജനങ്ങൾക്കുള്ള വിശ്വാസം നഷ്ടമാകാതിരിക്കാൻ നടപടി

125 (333) ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയം ഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ത്രിതലപഞ്ചായത്ത് സംവിധാനത്തിൽ ഗ്രാമസഭകളോട് ജനങ്ങൾക്കുള്ള വിശ്വാസം നഷ്ടമാകാതിരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

ജനകീയപങ്കാളിത്തം ഉറപ്പാക്കുന്നതിനുള്ള നിർണ്ണായക പ്രാധാന്യമുള്ള ഗ്രാമസഭകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമവും സുതാര്യവുമായിരിക്കുന്നതിനുള്ള വിശദമായ നിർദ്ദേശങ്ങൾ പതിനൊന്നാം പഞ്ചവത്സര പദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖയിൽ നൽകിയിട്ടുണ്ട്. ഗ്രാമസഭകളുടെ അധികാരാവകാശങ്ങൾ ജനങ്ങളുടെ ശ്രദ്ധയിൽകൊണ്ട് വരുന്നതിന് പത്രദൃശ്യമാധ്യമങ്ങളിലൂടെ കാലാകാലങ്ങളിൽ ഇത് സംബന്ധമായ വിവരങ്ങൾ പ്രസിദ്ധപ്പെടുത്തുന്നുണ്ട്. കൂടാതെ പഞ്ചായത്തുവകുപ്പിന്റെ പ്രതിമാസ പ്രസിദ്ധീകരണമായ പഞ്ചായത്ത് രാജ് മാസികയിലും ഈ വിവരം വളരെ പ്രാധാന്യത്തോടെ പ്രസിദ്ധപ്പെടുത്തി വരുന്നുമുണ്ട്. മാധ്യമങ്ങളിലൂടെയും വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ജനകീയ സംഘടനകൾ തൊഴിൽവേദികൾ റസിഡൻസ് അസോസിയേഷനുകൾ എന്നിവ മുഖേനയും കുടുംബശ്രീ സംഘടനാ സംവിധാനത്തിലൂടെ പ്രത്യേകമായും വേണ്ടത്ര പ്രചാരണം നൽകി സ്ത്രീകൾ, പട്ടികജാതിക്കാർ, പിന്നോക്കക്കാർ എന്നിവരുടെ പങ്കാളിത്തം ഉറപ്പിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ഗ്രാമസഭകളിലും വാർഡ് സഭകളിലും ജനങ്ങളുടെ പങ്കാളിത്തം ശുഷ്കമാകുന്നത് ഒഴിവാക്കുവാനും ഗ്രാമസഭായോഗങ്ങൾ കാര്യക്ഷമമാക്കുന്നതിനും വേണ്ടി ഗ്രാമപഞ്ചായത്തുകൾ സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് വിശദമായ നിർദ്ദേശങ്ങൾ 2009 നവംബർ മാസത്തിൽ പുറപ്പെടുവിച്ചിട്ടുള്ളതും പ്രസ്തുത നിർദ്ദേശങ്ങൾ നടപ്പാക്കുന്നതിനുള്ള സഹായസംവിധാനമായി കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷനെ ചുമതലപ്പെടുത്തിയിട്ടുമുണ്ട്.

ഇതുകൂടാതെ ശാരീരിക -മാനസിക വെല്ലുവിളികൾ നേരിടുന്നവരുടെ പ്രശ്നങ്ങളും അവ പരിഹരിക്കുന്നതിന് വാർഷികപദ്ധതിയിൽ ഏറ്റെടുക്കാവുന്ന പ്രോജക്ട് നിർദ്ദേശങ്ങളും ചർച്ചചെയ്യുന്നതിന് തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

വർഷത്തിൽ ഒരിക്കൽ ഈ വിഭാഗത്തിൽ ഉൾപ്പെടുന്നവരുടെ പൊതുസഭ വിളിച്ചുചേർക്കണമെന്ന് 2009 ആഗസ്റ്റ് മാസത്തിൽ പുറപ്പെടുവിച്ച സർക്കുലറിലൂടെ എല്ലാ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾക്കും സർക്കാർ നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്.

പഞ്ചായത്ത് ഓഫീസിന്റെ പ്രവർത്തനത്തിനാവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തുവാൻ നടപടി

126(334) ശ്രീ. എം. പ്രകാശൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പുതുതായി എത്ര തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നിലവിൽ വന്നിട്ടുണ്ടെന്ന് അറിയിക്കുമോ ; ഇവ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(ബി) പുതുതായി നിലവിൽ വന്നിട്ടുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഓഫീസുകൾ പ്രവർത്തിപ്പിക്കാൻ ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ ;

(സി) കണ്ണൂർ ജില്ലയിൽ പുതുതായി നിലവിൽ വന്ന കല്ല്യാശ്ശേരി ബ്ലോക്ക് പഞ്ചായത്തിന് പ്രവർത്തിക്കാനാവശ്യമായ പശ്ചാത്തല സൗകര്യങ്ങൾ ലഭ്യമാക്കിയിട്ടില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എന്തുകൊണ്ടാണ് ഇങ്ങനെ സംഭവിച്ചതെന്ന കാര്യം വിശദമാക്കുമോ ;

(ഇ) ബ്ലോക്ക് പഞ്ചായത്ത് ഓഫീസിന്റെ പ്രവർത്തനത്തിനാവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്താൻ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്ക് 2010 ഒക്ടോബറിൽ നടന്ന പൊതു തിരഞ്ഞെടുപ്പിന് മുമ്പായി 6 ബ്ലോക്ക് പഞ്ചായത്തുകളും ഒരു ഗ്രാമപഞ്ചായത്തും ഉൾപ്പെടെ താഴെപ്പറയുന്ന 7 പഞ്ചായത്തുകൾ പുതിയതായി രൂപീകരിച്ചു.

ബ്ലോക്ക് പഞ്ചായത്ത്

1. കാളികാവ് ബ്ലോക്ക് പഞ്ചായത്ത്
2. പനമരം ബ്ലോക്ക് പഞ്ചായത്ത്
3. പാനൂർ ബ്ലോക്ക് പഞ്ചായത്ത്
4. കല്ല്യാശ്ശേരി ബ്ലോക്ക് പഞ്ചായത്ത്
5. പരപ്പ ബ്ലോക്ക് പഞ്ചായത്ത്
6. കാറഡുക്ക ബ്ലോക്ക് പഞ്ചായത്ത്

LIBRARY ARCHIVES Kerala Legislative Assembly